രാമവമ്മതമ്പുരാൻ.—ഉള്ളതായി കാണുന്നില്ല.

Trouble from Apes.

188. മിസ്റ്റർ. ടി. കെ. നായർ.—(എ) തിരുവിലാമല യിലും സമീപമുള്ള മറവ വില്ലേജുകളിലും കുരങ്ങന്മാരുടെ ഉപദ്ര വം ധാരാളമുള്ളതുകൊണ്ടു അവയുടെ ഉപദ്രവം നിർത്തിതരേണ മെന്നു ഗവമ്മേണ്ടിനോടു തദ്ദേശവാസികൾ അപേക്ഷിച്ചിട്ടു ണ്ടൊ;

(ഏ) ഉണ്ടുവെങ്കിൽ ഈ ഉപദ്രവം നിർത്തുവാൻ എന്താ ണു് ചെയ്തതു

രാമവമ്മതമ്പുരാൻ.—(എ) ഉവ്വു്.

(ഏ) കുരങ്ങന്മാരെ ജീവനോടെ പിടിച്ചു അകലം ദിക്കിൽ കാട്ടിൽ കൊണ്ടുപോയി വിടുകയാണു് ചെയ്തതു്.

മിസ്റ്റർ ടി. കെ. നായർ.—കുരങ്ങന്മാരുടെ ഉപദ്രവമുണ്ടെന്നു ഗവമ്മെണ്ടു സമ്മതിക്കുന്നു. അതിനു വല്ല നിവാരണവും ഇതേവ രെ ചെയ്തുകൊടുത്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ—പ്രത്യേകമായി ഒരു നിവാരണവും ചെ യ്തുകൊടുത്തിട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—ഈ ഉപദ്രവം അവിടെ തുടങ്ങിയി ട്ടു സുമാർ എത്രകൊല്ലമായെന്നു അറിയാമൊ?

രാമവമ്മതമ്പുരാൻ.—സുമാർ നാലു കൊല്ലം, പകുതിച്ചിലവു നാട്ടുകാരും പകുതി ഗവമ്മെണ്ടു വഹിക്കണമെന്നാണു ക്രമം. നാ ട്ടുകാർ അതിനു ഒരുക്കമില്ലാത്തതുകൊണ്ടു ഗവമ്മെണ്ടു ഒന്നും ചെ യ്യാൻ ഒരുക്കമില്ല.

മിസ്റ്റർ ടി. കെ. നായർ.—എത്ര സംഖ്യ ചിലവു വരുമെന്നാ ണു പറയുന്നതു?

രാമവമ്മതമ്പുരാൻ.—ഇതേവരെ അതു കൃത്യപ്പെടുത്തിയി ട്ടില്ല.

മിസ്റ്റർ ടി. കെ. നായർ.—നാട്ടുകാർ തയാറില്ലെന്നു ഗവമ്മെ ണ്ടു് എങ്ങിനെയാണു് അറിഞ്ഞതു്.

രാമവമ്മതമ്പുരാൻ.—പഞ്ചായത്തു സുപ്രഡെണ്ടു് ആപ്പീസു് വഴി.

Water scarcity—Kaniyarkkode.

189. മിസ്റ്റർ. ടി. കെ. നായർ.—(എ) കണിയാർക്കോടു വി ല്ലേജിൽ എരവത്തോടിയിൽ സുമാർ ൨൦൦ വീടുകളിൽ താമ സിക്കുന്നവക്കു കുടിക്കുവാൻ വെള്ളത്തിനു കിണറൊ, കുളിക്കുവാൻ കുളമൊ, സർക്കാരിൽനിന്നും ഏർപ്പാടു ചെയ്തുകൊടുത്തിട്ടുണ്ടൊ;

(ഏ) ഇവർ വളരെ ദരിദ്രന്മാരാണെന്നും ഗവമ്മെണ്ടിൽനി ന്നും സഹായിച്ചില്ലാതെ സ്വന്തമായി ചിലവുചെയ്തു നിവർത്തിക്കു വാൻ തരമില്ലാത്തവരാണെന്നും ഗവമ്മെണ്ടു ധരിച്ചിട്ടുണ്ടൊ

LIBRARY ARCHIVES Kerala Legislative Assembly

(ന) ഇവരുടെ സങ്കട നിവൃത്തിക്കു എന്തെങ്കിലും ഉടനെ ചെയ്യുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—(എ) തെരുവിന്റെ തെക്കുവശം ഒരു കണാർ കുത്തിച്ചുകൊടുത്തിട്ടുണ്ടു.

(ഒ) ഇപ്പോഥം അറിയുവാൻ ഇടയായിട്ടുണ്ടു.

(ന) സങ്കടങ്ങം എന്തെല്ലാമണെന്ന അറിഞ്ഞ മറുപടി പറയാവുന്നതാണ്.

Bathing ghat—Kuthampilli.

190. മിസ്റ്റർ. ടി. കെ. നായർ.—(എ) കണ്ണായക്കോട വില്ലേജിൽ കുത്താമ്പുള്ളിയിൽ പുഴവക്കത്തുള്ള കടവു നന്നാക്കുന്നതിനം മറമായി എ എ ന്നുലേക്കു അനുവദിച്ച സംഖ്യ ആ പണിക്കു തന്നെയാണോ ചിലവുചെയ്തതു;

(ഒ) അല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ന) കേടുവന്നിട്ടുള്ള കടവു ഉടനെ നന്നാക്കാത്തപക്ഷം ഇപ്പോഴുള്ള കടവു തീരെ നാശമായി പോകുമെന്ന ഗവമ്മെണ്ടു ധരിച്ചിട്ടുണ്ടോ;

(ര) എ എ ഒ -ൽതന്നെ ഈ പണി നടത്തുവാൻ ഉദ്ദേശമുണ്ടോ?

രാമവമ്മതമ്പുരാൻ.—(എ) അതെ.

(ഒ) ഒന്നാം ചോദ്യത്തിനുള്ള ഉത്തരംകൊണ്ടു ഈ ചോദ്യത്തിനവകാശമില്ല.

(ന) ഉണ്ടു.

(ര) സംഗതി അനുഷ്ഠാനത്തിൽ ഇരിക്കുന്നതേയുള്ളു.

Azhikode-Methala Panchayat Office.

191. Mr. K. M. Ibrahim.—Will the Government be pleased to state :—

(a) the date on which they received the first series of representations from the Azhikode-Methala Panchayat about the inconveniences Panchayatdars are subjected to, on account of the meetings and office of the Panchayat being held in the Methala Village Kacheri, the easternmost boundary of its jurisdiction ;

(b) whether the Government entertain any objection in obliging the Panchayat in this respect on the lines they have adopted towards the Eriyad-Lokamaleswaram Panchayat?

Rama Varmha Tampuran.—(a) Meenam 1103.

(b) The matter is being considered.

Panchayat allotments.

192. Mr. P. Krishna Menon.—Will the Government be pleased to state :—

(1) whether the following allotments have been utilised in the year 1106 to any extent whatsoever ;

LIBRARY ARCHIVES Kerala Legislative Assembly